**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1521** **07-02-2023 - ൽ മറുപടിയ്ക്ക്**

**കച്ചേരിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട കച്ചേരിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിൽ കച്ചേരിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിനായി വരന്തരപ്പിള്ളി വില്ലേജിൽ ഉൾപ്പെട്ട 1.96 ആർസ് ഭൂമി 2013-ലെ LARR Act പ്രകാരം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും 19(1) പ്രഖ്യാപനം 05.01.2023 ലെ 21-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. വാല്യൂവേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും നിലവിൽ Award Enquiry Notice നൽകിയിട്ടുള്ളതുമാണ്. അവാർഡ് പാസ്സാക്കി സ്ഥലം അർത്ഥനാധികാരിയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. |
| (ബി) | പാലം നിർമ്മാണം നടത്തി വർഷങ്ങൾ പിന്നിട്ടിട്ടും അപ്രോച്ച് റോഡിന്റെ നിർമ്മാണം ഇനിയും ആരംഭിയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ വാല്യൂവേഷൻ, നഷ്ടപരിഹാരം അനുവദിക്കൽ തുടങ്ങിയ റവന്യൂ വകുപ്പിന്റെ നടപടികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; | (ബി) | തൃശ്ശൂർ ജില്ലയിൽ കച്ചേരിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിനായി വരന്തരപ്പിള്ളി വില്ലേജിൽ ഉൾപ്പെട്ട 1.96 ആർസ് ഭൂമി 2013-ലെ LARR Act പ്രകാരം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും 19(1) പ്രഖ്യാപനം 05.01.2023 ലെ 21-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. വാല്യൂവേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും നിലവിൽ Award Enquiry Notice നൽകിയിട്ടുള്ളതുമാണ്. അവാർഡ് പാസ്സാക്കി സ്ഥലം അർത്ഥനാധികാരിയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. |
| (സി) | കാലങ്ങളായി കൈവശം വച്ചിട്ടുള്ളതും പട്ടയമോ, ആധാരമോ ഉള്ളതും, മുഴുവൻ കൈവശ ഭൂമിക്കും നികുതി അടച്ചു വരുന്നതുമായ ഭൂഉടമകൾക്ക് എല്ലാവർക്കും അർഹമായ നഷ്ടപരിഹാരം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ? | (സി) | 2013-ലെ LARR Act പ്രകാരം അവാർഡ് പാസ്സാക്കി കക്ഷികൾക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ